**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **04-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖല സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നിലപാട് മൂലം കേരളത്തിലെ സഹകരണ ബാങ്കുകൾ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലത്ത് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ചേർന്ന് സഹകരണരംഗത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായകപങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും, സ്വാതന്ത്ര്യസമരത്തിന്റെയും, കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലിനൽകി ഉയർന്ന ജീവിത നിലവാരം പ്രധാനം ചെയ്യാനും സഹകരണ തത്വങ്ങളിൽനിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്കു ഒരു ബദലായും പ്രവർത്തിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലോകനിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.<br><br>കേരളത്തിലെ കർഷകരും ചെറുകിട വ്യാപാരികളും സാധാരണ ജനങ്ങളും ആശ്രയിക്കുന്ന മുഖ്യ ധന സ്രോതസാണ് സഹകരണ ബാങ്കുകൾ/ സംഘങ്ങൾ.<br><br>സംസ്ഥാനത്തെ സഹകരണ മേഖല തകർന്നാൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ തകരുന്നതിന് കാരണമാകാം. ആയതിനാൽ സംസ്ഥാനത്തെ സഹകരണ മേഖല സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ബാങ്കുകളുടെ ബിസിനസ് ഏജന്റ് (ബാങ്കിങ് കറസ്പോണ്ടന്റ്) ആകുവാൻ വില്ലേജ് തലത്തിൽ വായ്പേതര സഹകരണ സംഘങ്ങൾക്കും ബാങ്കിങ് പ്രവർത്തനത്തിനുള്ള അനുമതി നൽകുമെന്ന കേന്ദ്ര നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനങ്ങളിലെ പ്രാഥമിക ഡയറി സഹകരണ സംഘങ്ങൾക്ക് വിവിധ ബാങ്കിംഗ് സേവനങ്ങൾ ലഭിക്കുന്നതിനായി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന "Nation wide campaign on Co-operation among Co-operatives" എന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ പദ്ധതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും ഉൾപ്പെട്ടിട്ടുള്ളതും വിവിധങ്ങളായ ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്ക് നൽകി വരുന്നതുമാണ്. |
| (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സേവനങ്ങൾ പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളിലൂടെ ലഭ്യമാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംസ്ഥാനത്തെ സഹകരണ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്തെ സഹകരണരംഗത്തിന് നൽകിവരുന്ന എല്ലാ പിന്തുണയും പിൻവലിക്കുമെന്നും പാർട്ടി അനുഭാവികളുടെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ പിൻവലിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുമെന്നുമുള്ള പ്രതിപക്ഷ രാഷ്ട്രീയ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഈ സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ